**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4812** **20-07-2022 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിലെ കൊട്ടുമ്പ് പാളയം പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മലമ്പുഴ മണ്ഡലത്തിലെ കൊട്ടുമ്പ് പാളയം പാലം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | മലമ്പുഴ നിയോജക മണ്ഡലത്തിലെ കൊട്ടുമ്പ് നടപ്പാലം നിർമ്മാണ പ്രവൃത്തി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഉത്തരവ് പ്രകാരം കരാറുകാരനെ പ്രവൃത്തിയിൽ നിന്നും ടെർമിനേറ്റ് ചെയ്യതിനാൽ തുടർ നടപടികൾക്കായി പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഷെഡ്യൂളിന് അംഗീകാരം നൽകുന്ന നടപടി പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; കരാറുകാരനുമായി കരാറിലേർപ്പെട്ട തീയതി, തുക എന്നിവ വ്യക്തമാക്കാമോ; | (ബി) | ഭരണാനുമതിയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. 4,40,91,610/- രൂപയ്ക്കാണ് കരാറുകാരനുമായി കരാറിൽ ഏർപ്പെട്ടത്. |
| (സി) | നിലവിലെ കരാറുകാരൻ സമയബന്ധിതമായി പ്രവൃത്തികൾ നടത്താത്തത് മൂലം ടിയാനെ ഒഴിവാക്കി പുതിയ ടെണ്ടർ നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്നറിയിക്കാമോ? | (സി) | നിലവിലെ കരാറുകാരനെ Terminate ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയാൽ മാത്രമെ ബാലൻസ് ഷെഡ്യൂൾ തയ്യാറാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ